**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3551** | **14-07-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ഡിപ്പോയിലെ ഡ്രൈവർമാരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ കെ.എസ്.ആർ.ടി.സി.യിൽ നിന്നും എത്ര സ്ഥിരം ഡ്രൈവർമാരാണ് വിരമിച്ചതെന്നും എത്ര ഡ്രൈവർമാർക്ക് പുതുതായി സ്ഥിര നിയമനം നൽകി എന്നുമുള്ള കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | <u>വിരമിച്ചവർ</u><br><br>01-1-2016 മുതൽ<br><br>31-3-2016 വരെ - 169<br><br>2016-2017 - 539<br><br>2017-2018 - 687<br><br>2018-2019 - 609<br><br>2019-2020 - 502<br><br>2020-2021 - 517<br><br>2021-2022 - 471<br><br>1-4-2022 മുതൽ<br><br>30-6-2022 വരെ - 347.<br><br><u>സ്ഥിരം നിയമനം നൽകിയവർ</u><br><br>2016 - 297<br><br>2017 - 61<br><br>2018 - Nil<br><br>2019 - 1 |
| (ബി) | സംസ്ഥാനത്ത് നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരാണ് ആകെയുള്ളതെന്ന് അറിയിക്കാമോ; ഇതിൽ സ്ഥിരം നിയമനം, താൽക്കാലിക നിയമനം, എം-പാനൽ എന്നിവ സംബന്ധിച്ച് ഇനം തിരിച്ചും ജില്ല തിരിച്ചും വിവരങ്ങൾ നൽകാമോ; | (ബി) | നിലവിൽ 9,489 ഡ്രൈവർ വിഭാഗം സ്ഥിരം ജീവനക്കാരുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>TVM - 2259<br><br>KLM - 980 |

| | | | |
|---|---|---|---|
| | | | PTA - 445<br>ALP - 644<br>KTM - 735<br>IDK - 419<br>EKM - 1007<br>TSR - 516<br>PLK - 414<br>MLP - 315<br>KKD - 524<br>WND - 460<br>KNR - 487<br>KGD - 284<br>താത്ക്കാലികം, എംപാനൽ ജീവനക്കാരില്ല. |
| (സി) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യിൽ എത്ര ഡ്രൈവർമാരുടെ കുറവാണുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; | (സി) | പ്രൊഫ.സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലായതിനാൽ ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ഡി) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ഡിപ്പോയിൽ എത്ര ഡ്രൈവർമാരുടെ കുറവുണ്ടെന്നും 2019-ലെ കോവിഡ് വ്യാപനത്തിന് മുൻപ് എത്ര ഡ്രൈവർമാർ പ്രസ്തുത ഡിപ്പോയിൽ ഉണ്ടായിരുന്നുവെന്നും അറിയിക്കാമോ; | (ഡി) | 2019ലെ കോവിഡ് വ്യാപനത്തിന് മുൻപ് 110 ഡ്രൈവർമാർ ഉണ്ടായിരുന്നു. നിലവിൽ 27 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനാവശ്യമായ ഡ്രൈവർമാരുണ്ട്. |
| (ഇ) | ഡ്രൈവർമാരുടെ കുറവ് വരാനുണ്ടായ സാഹചര്യം വിശദമാക്കാമോ; നിലമ്പൂർ ഡിപ്പോയിലെ ഡ്രൈവർമാരെ ജില്ലയിലെ മറ്റേതെങ്കിലും ഡിപ്പോകളിലേക്ക് മാറ്റി ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഇ) | കോവിഡ് വ്യാപനത്തിന് മുൻപ് നിലമ്പൂർ യൂണിറ്റിൽ 39 ഷെഡ്യൂളുകൾ ഉണ്ടായിരുന്നു. നിലവിൽ 27 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ഡ്രൈവർമാരുണ്ട്.<br>ഡ്രൈവർ വിഭാഗം ജീവനക്കാരെ ജില്ലയിലെ മറ്റ് യൂണിറ്റുകളിൽ മാറ്റി നിയമിച്ചിട്ടില്ല. |
| (എഫ്) | നിലമ്പൂർ മണ്ഡലത്തിലെ മലയോര പ്രദേശങ്ങളായ എരുമമുണ്ട, പാലാങ്കര, തേൾപ്പാറ, മുണ്ടേരി ഉടങ്ങിയ പ്രദേശങ്ങളിലേക്കുള്ള സർവ്വീസുകൾ കോവിഡ് കഴിഞ്ഞിട്ടും പുനരാരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഈ റൂട്ടുകളിലേക്കുള്ള സർവ്വീസ് | (എഫ്) | നിർത്തലാക്കിയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. കൂടുതൽ സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് |

| | | | |
|---|---|---|---|
| | എന്ന് പുനരാരംഭിക്കാനാകും എന്ന് അറിയിക്കാമോ? | | ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാര പ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കി വരുന്നു. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ